പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6712 — 01.11.2011- ലെ മറുപടി

## സി.ഡി. തുക നൽകുന്നതിന് നടപടി

ചോദ്യം — ഉത്തരം

ശ്രീ. സി. മമ്മൂട്ടി

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് നിയമനം ലഭിച്ച എം പാനൽ കണ്ടക്ടർ തസ്തികയിലേക്ക് ജോലി നോക്കുന്നതിന് ഉദ്യോഗാർത്ഥികളിൽ നിന്ന് സി.ഡി. ആയി 5000/- രൂപ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിരുന്നോയെന്ന് അറിയിക്കാമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജോലിക്ക് തുക അടച്ച ശേഷം ജോലിക്ക് എത്താതിരുന്നവർക്ക്/ജോലിയിൽ നിന്ന് ഒഴിവായവർക്ക് ജോലിക്കായി നൽകിയ സി.ഡി. തുക തിരികെ നൽകേണ്ടതുണ്ടോ; | (ബി) | സെക്യൂരിറ്റി ഡിപ്പോസിറ്റ് അടച്ചശേഷം ജോലിവേണ്ട എന്നുവെയ്ക്കുന്നവർക്ക്, അവർക്കെതിരെ ബാദ്ധ്യതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ കിഴിച്ച് ബാക്കി തുക നൽകുവാൻ വ്യവസ്ഥയുണ്ട്. |
| (സി) | ഇത്തരത്തിൽ തുക തിരികെ ആവശ്യപ്പെട്ട് എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ട്; | (സി) | സെക്യൂരിറ്റി തുക തിരികെ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ അതാത് യൂണിറ്റുകളിലാണ് സമർപ്പിക്കേണ്ടത്. അപേക്ഷകളുടെ എണ്ണം ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) | എങ്കിൽ അത് തിരികെ നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | (ഡി) | സെക്യൂരിറ്റി തുക അടച്ചതിന്റെ അസൽ രസീത് ഹാജരാക്കുന്നവർക്കു മാത്രമേ തുക നൽകാൻ വ്യവസ്ഥയുള്ളൂ. ഇത്തരത്തിൽ തുക ആവശ്യപ്പെടുന്നവരുടെ ബാദ്ധ്യത കണക്കാക്കുന്നതിനാണ് പ്രധാനമായും കാലതാമസമുണ്ടാകുന്നത്. പല ജീവനക്കാരും അവർ ജോലിയിൽ |

| | | | |
|---|---|---|---|
| | | | നിന്നും പിരിയുമ്പോൾ, തങ്ങളെ വിടുതൽ ചെയ്യണമെന്ന അപേക്ഷയും സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ നൽകുന്നതിനുള്ള അപേക്ഷയും യഥാസമയം നൽകാത്തതും കാലതാമസത്തിന് കാരണമാകുന്നുണ്ട്. |
| (ഇ) | ശാരീരിക ബുദ്ധിമുട്ടുകളും മറ്റ് ഒഴിച്ച്കൂടാനാവാത്ത കാരണങ്ങളാലും ജോലി ചെയ്യുന്നതിൽ നിന്ന് ഒഴിഞ്ഞ് നിൽക്കേണ്ടി വന്നവർക്ക് അവരുടെ ചികിത്സക്കായിട്ടെങ്കിലും ഉപയോഗിക്കേണ്ട തുക അടിയന്തിരമായി തിരികെ നൽകുന്നതിന് നിർദ്ദേശം നൽകുമോ ? | (ഇ) | താൽക്കാലിക ജീവനക്കാർക്ക് അവർ ജോലിയിൽ നിന്നും പിരിഞ്ഞു പോകുമ്പോൾ എത്രയും പെട്ടെന്ന് സെക്യൂരിറ്റി തുക തിരികെ നൽകുന്നതിനുള്ള നിർദ്ദേശം നൽകുന്നകാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ